പതിമൂന്നുലക്ഷം രൂപ മുടക്കി നടപ്പിലാക്കിയ മാട്ടിറ-കാലങ്കി റോഡ് മൂന്നുലക്ഷം രൂപ മുടക്കി ടാർ ചെയ്യാത്തതുമൂലം യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. ഹിൽവേ റോഡിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ കാര്യമായ പരിഗണനയുണ്ടാകണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, 1980 ലാണ് ഹിൽവേറോഡ് സ്കീമിന് ഗവൺമെന്റ് അനുമതി നൽകിയത്. പഞ്ചായത്തുറോഡുകൾ മെച്ചപ്പെടുത്തുകയെന്നുള്ളതാണ് ഈ പദ്ധതിയിൽ ഉള്ളത്. ഗവൺമെന്റ് പഞ്ചായത്തുറോഡുകൾ ഏറ്റെടുക്കാതെതന്നെ ഹിൽവേറോഡുകൾ മെച്ചപ്പെടുത്തുകയാണ് ചെയ്യുന്നത്. അന്ന് 78 റോഡുകളാണ് ഗവൺമെന്റ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തത്. അതിനുവേണ്ടി മൂന്നു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. നിർഭാഗ്യവശാൽ, ആ റോഡിന്റെ മിക്കവാറുമുള്ള പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് ഒരു കോടി രൂപയും രണ്ടുകോടി രൂപയുമൊക്കെ ഉൾപ്പെടുത്തിയെങ്കിലും ആ 78 റോഡുകളുടെയും പണി പൂർത്തിയായിട്ടില്ല. ഭാഗികമായിട്ടേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളു. പിന്നീട് ആ സ്കീം തന്നെ ഇല്ലാതെയായി. പുതിയതായി ആ സ്കീം വഴി റോഡുകളുടെ പണി എടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മാട്ടിറ–കാലങ്കി റോഡും ഇതിൽ ഉൾപ്പെടുന്നു. അതിൽപെട്ട പണികളെല്ലാം പൂർത്തിയാക്കീട്ടുണ്ട്. ടാറിങ് അതിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. രണ്ടാമത് ടാറിങ്ങും ഒരു ക്രോസ്വേയും വേണമെന്നുള്ള ആവശ്യമുണ്ടായി. അതിന് 18 ലക്ഷത്തിലധികം വരുന്ന ഒരു എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. അൻപതിനായിരം രൂപ ഇതിനുവേണ്ടി ബഡ്ജറ്റിലുണ്ടെങ്കിലും പണി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. കഴിയുന്നതും വേഗം ഏറ്റെടുക്കാനുള്ള നടപടികളെടുക്കുന്നതാണ്.

(25) കട്ടപ്പന ഗവൺമെന്റ് കോളേജിന്റെ ദുഃസ്ഥിതി

ശ്രീ. ജോസ് കുറ്റ്യാനി: സർ, എന്റെ നിയോജക മണ്ഡലത്തിലെ കട്ടപ്പന ഗവൺമെന്റ് കോളേജിന്റെ ദുഃസ്ഥിതിയെക്കുറിച്ച് ഞാൻ 1980 മുതൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതുവരെ അതിന് ന്യായമായ ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. അവിടെ ഉണ്ടായിരുന്ന ദേവസ്വം ബോർഡ് കോളേജിനുപകരം ഗവൺമെന്റ് പുതുതായി അനുവദിച്ച ഒരു കോളേജായിരുന്നു കട്ടപ്പന ഗവൺമെന്റ് കോളേജ്. ഈ കോളേജ് അനുവദിക്കുമ്പോൾ ഒരു സ്പേഷൽ സറിങ്ങ് കമ്മിറ്റി ഉണ്ടാക്കി ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും, എടുക്കുന്നകാര്യം ആ കമ്മിറ്റിയെ ഏൽപ്പിക്കുമെന്നുള്ള വ്യവസ്ഥയിലാണ് തുടങ്ങിയത്. ഇതുവരെയും അതിനാവശ്യമായ പരിഹാരമുണ്ടാക്കാൻ ആ സ്പേഷൽസറിങ്ങ് കമ്മിറ്റിക്ക് കഴിയാതെ വന്നപ്പോൾ ആ കമ്മിറ്റി പിരിച്ചു പണത്തെകുറിച്ചും, അടിച്ചു രസീതിനെകുറിച്ചും വാങ്ങിയ സ്ഥലത്തിനു കാശുകൊടുക്കാതിരുന്ന സാഹചര്യത്തെകുറിച്ചുമൊക്കെ പ്രശ്നങ്ങളുണ്ടായി. അപ്പോൾ സംസ്ഥാന ഗവൺമെന്റും, വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഇടപെട്ട് ആ സ്ഥലത്തിന് ആവശ്യമായ പണം ഗവൺമെന്റിൽനിന്നും കൊടുത്ത് സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തു. ആ കോളേജിന് നാലു ക്ലാസ്സുമുറികളുണ്ടായിരുന്നത് ഇപ്പോൾ മൂന്നുമുറികളുള്ള ഒരു ഷെഡ്ഡായി

LIBRARY ARCHIVES Kerala Legislative Assembly

മാറിയിരിക്കുകയാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംകൂടി ഒരു മൂത്രപ്പുരയേയുള്ളു. അവിടെ അദ്ധ്യാപർക്ക് ഇരിക്കാൻ സ്റ്റാഫ് റൂമില്ല. അതുപോലെതന്നെ പരീക്ഷാകേന്ദ്രമില്ല, തൊട്ടടുത്തുള്ള ഒരു ഹൈസ്ക്കൂളിലാണ് ഇന്നും പരീക്ഷ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പുതിയതായി ഒരു സ്പോൺസറിങ്ങ് കമ്മിറ്റിയെവച്ച് പണം പിരിച്ച് ഈ വർഷംതന്നെ ആ കോളേജിന് ആവശ്യമായ കെട്ടിടമുണ്ടാക്കി കൊടുക്കുമെന്ന് ആ മണ്ഡലത്തിലെ പ്രതിനിധി യെന്നുള്ള നിലയിൽ ഞാൻ ഉറപ്പുനൽകുകയുണ്ടായി. അതുകൊണ്ട് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ പണം ഉണ്ടാക്കുന്നതിന് ഒരു സ്പോൺസറിങ് കമ്മിറ്റിയെ ഉണ്ടാക്കുകയും സയൻസ് ഗ്രൂപ്പ് അനുവദിക്കുന്നതുമുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥി ക്കുകയുമാണ്. അതുപോലെതന്നെ ആ കോളേജിൽ ഡിഗ്രി കോഴ്സ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത് ആ പ്രദേശത്തെ കുട്ടികളെയും രക്ഷാകർത്താക്കളെയും രക്ഷിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നരിയംപാറ ദേവസ്വംബോർഡ് കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത താണ്. അതിനാവശ്യമായ ഇരുപതേക്കർ സ്ഥലം അന്ന് സ്പോൺ സറിങ് കമ്മിറ്റി നൽകാമെന്ന് പറഞ്ഞിരുന്നു. പക്ഷേ അവരെ കൊണ്ട് അതിന് കഴിഞ്ഞില്ല. 1978-ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും, റവന്യൂമന്ത്രിയും നടത്തിയ ഒരു മീറ്റിങ്ങിൽവച്ച്, ഈ ഇരുപതേക്കർ സ്ഥലത്തിനുപകരം 25 ഏക്കർ വനഭൂമി സ്ഥലം നൽകുന്ന ആളിന് വിട്ടുകൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ പിന്നീട് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഒരു നിയമത്തിന്റെ അടിസ്ഥാന ത്തിൽ വനഭൂമി ഇങ്ങനെയുള്ള ആവശ്യത്തിന് വിട്ടുകൊടുക്കാൻ കഴിയാതെവന്നു. അതിനിടയിൽ ശ്രീ. വി. ടി. സെബാസ്റ്റ്യൻ പ്രെയർ മാനായിട്ടുള്ള ഒരു സ്പോൺസറിങ് കമ്മിറ്റി ഇരുപതേക്കർസ്ഥലം വാങ്ങുകയുണ്ടായി. ആ ഇരുപതേക്കർ സ്ഥലം വിട്ടുകൊടുക്കുമ്പോൾ അവർക്ക് ഇരുപത്തഞ്ചേക്കർ സ്ഥലം കൊടുക്കാമെന്ന് പറഞ്ഞി രുന്നു. ആ വ്യവസ്ഥ ഗവൺമെന്റിന് പൂർത്തിയാക്കാൻ കഴിയാ തെയിരുന്ന സാഹചര്യത്തിൽ അതിനാവശ്യമായ തുക അവർക്ക് നൽക ണമെന്ന് അവർ ആവശ്യപ്പെടുകയുണ്ടായി. പലപ്രാവശ്യം ഇതിനു വേണ്ടി കോൺഫറൻസുകൾ വിളിച്ചിരുന്നു. അവസാനത്തെ കോൺ ഫറൻസിൽ ആറുലക്ഷം രൂപ ഇരുപതേക്കർ സ്ഥലത്തിനുവേണ്ടി നൽകാമെന്ന് ഗവൺമെന്റ് സമ്മതിക്കുകയുണ്ടായി. അതിന് ബഡ്ജറ്റിൽ പണമില്ലായിരുന്നുവെങ്കിലും കഴിഞ്ഞ ജൂലായ് മാസത്തിൽ സപ്ലിമെന്ററി ഗ്രാന്റായിട്ട് പത്തുലക്ഷംരൂപ അനുവദിച്ചു. അതിൽ ആറുലക്ഷംരൂപ സ്പോൺസറിങ് കമ്മിറ്റിക്ക് നഷ്ടപരിഹാര മായി കൊടുക്കാനും നാലുലക്ഷംരൂപക്ക് ഒരു സെമി പെർമനന്റ് കെട്ടിടം കെട്ടുന്നതിനുവേണ്ടി ഉപയോഗിക്കാനും തീരുമാനിച്ചു. അതുകൊണ്ട് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയും. എത്രയുംവേഗം ഇതിനുവേണ്ടിയുള്ള നടപടി കൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(26) കായംകുളം കായൽഫാം നഷ്ടത്തിൽ നടക്കുന്നതുസംബന്ധിച്ച്

ശ്രീ. തച്ചടി പ്രഭാകരൻ: കായംകുളം കായൽ ഫാം, 1968 മുതൽ കാർഷികോൽപ്പാദനത്തിനുവേണ്ടി 800 ഏക്കർ സ്ഥലമെടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly